# രവിയുടെ കൈപിടിച്ച് സ്കൂളിലേക്ക്

**2010.10.06**



ചേർത്തല സ്കൂളിൽഫസ്റ്റ് ഫോമിൽ പഠിക്കുമ്പോഴാണ് വയലാർ ആക്ഷൻ നടക്കുന്നത്. ഏറ്റുമുട്ടൽ നടന്ന പ്രദേശ ത്തിനു തൊട്ടുത്താണ് വയലാർ രവി യുടെ വീട്. രവിയുടെ കൈ പിടിച്ചാണ് സ്കൂളിൽ നടന്നു പോയിരുന്നത്. രവി യുടെ വീടുമായി പ്രത്യേക ബന്ധവും ഉണ്ടായിരുന്നു. ആന്റണിയെ കുറെക്കൂടി മുതിർന്ന ക്ളാസ്സിലെത്തിയപ്പോ ഴാണ് പരിചയപ്പെടുന്നത്.

വലിയ പടിപ്പുരയും മുറ്റവുമുള്ളതായിരുന്നു നാലുകെട്ട്. സത്യത്തിൽ നാലുകെട്ട് അത്രയൊന്നും ഉപയോഗി ച്ചിരു ന്നില്ല. കറന്റില്ലാത്ത കാലമല്ലേ, ആകെ ഇരുട്ടു നിറഞ്ഞ തായിരുന്നു നാലുകെട്ടിലെ മുറികൾ. ഉറങ്ങാനേ ഞങ്ങള് അങ്ങോട്ടു പോയുള്ളൂ. പകലൊക്കെ കഴിഞ്ഞിരുന്നത് തറവാടിനോടു ചേർന്നുള്ള മറ്റൊരു വീട്ടിൽ. അതിഥികൾക്ക് താമസിക്കാൻ മാത്രമായി ഔട്ട് ഹൗസും ആ പറമ്പിൽ ഉണ്ടായിരുന്നു.

മുത്തശ്ശിയുടെ രണ്ടു സഹോദരിമാരും തറവാട്ടിലുണ്ടായിരുന്നു. ഇരുവർക്കും മക്കളില്ലായിരുന്നു. വലിയ കുടുംബം, വലിയ വാത്സല്യം. അച്ഛന് ഒരു സഹോദരി മാത്രമേ ഉണ്ടായിരുന്നുള്ളൂ. വിവാഹിതയായ അവർ ചെറുപ്പത്തിലേ മരിച്ചു. അതുകൊണ്ട് സമ്പന്നമായ കുടുംബത്തിലെ ഒറ്റയാനായ നായകനായി അച്ഛൻ.



വയലാർ രവി

**ജന്മി കമ്മ്യൂണിസ്റ്റായി**

വൈക്കം സത്യാഗ്രഹം കഴിഞ്ഞിരുന്നെങ്കിലും സാമൂഹിക അസമത്വം വിളയാടിയിരുന്ന കാലം. പാണാവള്ളി സി.ജി. സദാശിവൻ ആണ് അച്ഛനെ പ്രസ്ഥാനത്തിലേക്ക് കൊണ്ടുവന്നതെന്നു പറയാം. അച്ഛന്റെ കുടുംബവും സിജിയുടെ കുടുംബവും തമ്മിൽഅടുത്ത ബന്ധമുണ്ട്. സി.ജി. കോൺഗ്രസ് പ്രവർത്തകനായി വരികയും കമ്മ്യൂണിസത്തിലേക്ക് ആകർഷിക്കപ്പെടുകയുമായിരുന്നു. അങ്ങനെ സിജിയുമായുള്ള സൌഹൃദമാണ് അച്ഛനെയും കമ്മ്യൂണിസ്റ്റാക്കിയത്.

അന്ന് തൊഴിലാളികൾക്ക് സംഘടിക്കണമെങ്കിൽപോലും സ്ഥലത്തെ പ്രമാണിയുടെ പിന്തുണ വേണം. ഇല്ലെങ്കിൽ ക്രൂരമായ മർദ്ദനത്തിലൂടെ അടിച്ചമർത്തുന്നതായിരുന്നു ജന്മിമാരുടെ രീതി. ആലപ്പുഴയിലെ തൊഴിലാളികൾ സംഘടിക്കുന്നതിന്റെ ആദ്യകാല ചരിത്രത്തിൽപറയുന്ന ഒരു കഥയുണ്ട്. സുശീല ഗോപാലന്റെ അമ്മയുടെ അച്ഛൻ, എന്റെ അമ്മ വകയില വലിയമ്മാമൻ, പ്രജാ സഭാംഗമായിരുന്നു. അദ്ദേഹത്തെ തൊഴിലാളികളുടെ യോഗത്തിലേക്ക് ക്ഷണിച്ചു കൊണ്ടുപോകും. കുതിരപ്പുറത്തു വരുന്ന അദ്ദേഹം ഞാൻ നിങ്ങളുടെയൊക്കെ കൂടെയുണ്ട് എന്ന് വിളിച്ചുപറയും. അതൊരു ധൈര്യം പകരലാണ്. അല്ലാതെ അദ്ദേഹം തൊഴിലാളികളുടെ പ്രശ്നങ്ങളിലൊന്നും ഇടപെട്ടിരുന്നില്ല. എങ്കിലും അന്ന് തൊഴിലാളിയോഗത്തിനു പോലും ജന്മിയുടെ ‘‘സംരക്ഷണം’’ ആവശ്യമായിരുന്നു. സമാനമായി സിജിയുടെ കമ്മ്യൂണിസ്റ്റ് ചിന്തയും സിജിയോടുള്ള സൌഹൃദവും എല്ലാം ചേർന്നപ്പോൾ അച്ഛന് തൊഴിലാളികളുടെ നേതാവായി പരിണമിക്കുകയായിരുന്നു. 1936-ൽ ചേർത്തല കയർ വർക്കേഴ്സ് യൂണിയന് പ്രസിഡന്റായി അച്ഛൻ. ആ പദവി ദീർഘകാലം തുടർന്നു. ഈ യൂണിയനുകളാണ് വയലാർ സമരത്തിന്റെ മുന്നണിപ്പോരാളികളായത്.